അധ്യായം 88

## അൽഗാശിയഃ (മൂടി)

അവതരണം മക്കയിൽ, സൂക്തങ്ങൾ 26

**അദ്ധ്യായ പരിചയം:**
പ്രവാചക സന്ദേശത്തെ അവഗണിച്ചു ജീവിക്കുന്ന ആളുകൾക്ക് അല്ലാഹുവിൻെറ കോടതിയിൽ രക്ഷാശിക്ഷകൾ വിധിക്കപ്പെടുന്ന അന്ത്യനാളിനെ വർണിച്ചുകൊടുക്കുകയത്രെ ഈ അദ്ധ്യായം ചെയ്യുന്നത്. പരലോകത്ത് മനുഷ്യരെ അവരുടെ കർമങ്ങൾ രണ്ടു വിഭാഗമാക്കിത്തിരിക്കും. ഒരു കൂട്ടർ ശിക്ഷയിലേക്കും രണ്ടാമത്തെ കൂട്ടർ സൗഭാഗ്യങ്ങളിലെക്കും നയിക്കപ്പെടുന്നതാണ്. അന്ത്യദിനം, അതെങ്ങനെ സംഭവിക്കാൻ എന്ന് സംശയിക്കുന്നവരോട്, തങ്ങളുടെ ചുറ്റും കാണുന്ന കാഴ്ചകളെക്കുറിച്ചു ചിന്തിക്കാൻ ഖുർആൻ ആവശ്യപ്പെടുന്നു. അതോടൊപ്പം പ്രപഞ്ചപ്രതിഭാസങ്ങളെക്കുറിച്ച്, വിശിഷ്യാ അറബികൾക്ക് സുപരിചിതമായ ഒട്ടകത്തെ സംബന്ധിച്ചും അതോടൊപ്പം വാനലോകം, ഭൂമി എന്നിവയുടെ സൃഷ്ടിപ്പിനെപ്പറ്റിയും ചിന്തിക്കാൻ ആവശ്യപ്പെടുന്നു. എന്നിട്ടും ജനം ഉൽബോധനം സ്വീകരിക്കുന്നില്ലെങ്കിൽ അല്ലാഹു മുഹമ്മദ്നബിയോട് പറയുന്നു: അവരെ വിട്ടേക്കുക. താങ്കൾ ഒരു മുന്നറിയിപ്പുകാരൻ മാത്രമാണ്.

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

هَلْ أَتَىٰكَ حَدِيثُ ٱلْغَـٰشِيَةِ ﴿١﴾ وُجُوهٌ يَوْمَئِذٍ خَـٰشِعَةٌ ﴿٢﴾ عَامِلَةٌ نَّاصِبَةٌ
﴿٣﴾ تَصْلَىٰ نَارًا حَامِيَةً ﴿٤﴾ تُسْقَىٰ مِنْ عَيْنٍ ءَانِيَةٍ ﴿٥﴾ لَّيْسَ لَهُمْ طَعَامٌ إِلَّا
مِن ضَرِيعٍ ﴿٦﴾ لَّا يُسْمِنُ وَلَا يُغْنِى مِن جُوعٍ ﴿٧﴾ وُجُوهٌ يَوْمَئِذٍ نَّاعِمَةٌ
﴿٨﴾ لِّسَعْيِهَا رَاضِيَةٌ ﴿٩﴾ فِى جَنَّةٍ عَالِيَةٍ ﴿١٠﴾ لَّا تَسْمَعُ فِيهَا لَـٰغِيَةً ﴿١١﴾
فِيهَا عَيْنٌ جَارِيَةٌ ﴿١٢﴾ فِيهَا سُرُرٌ مَّرْفُوعَةٌ ﴿١٣﴾ وَأَكْوَابٌ مَّوْضُوعَةٌ ﴿١٤﴾
وَنَمَارِقُ مَصْفُوفَةٌ ﴿١٥﴾ وَزَرَابِىُّ مَبْثُوثَةٌ ﴿١٦﴾ أَفَلَا يَنظُرُونَ إِلَى ٱلْإِبِلِ
كَيْفَ خُلِقَتْ ﴿١٧﴾ وَإِلَى ٱلسَّمَآءِ كَيْفَ رُفِعَتْ ﴿١٨﴾ وَإِلَى ٱلْجِبَالِ كَيْفَ
نُصِبَتْ ﴿١٩﴾ وَإِلَى ٱلْأَرْضِ كَيْفَ سُطِحَتْ ﴿٢٠﴾ فَذَكِّرْ إِنَّمَآ أَنتَ مُذَكِّرٌ
﴿٢١﴾ لَّسْتَ عَلَيْهِم بِمُصَيْطِرٍ ﴿٢٢﴾ إِلَّا مَن تَوَلَّىٰ وَكَفَرَ ﴿٢٣﴾ فَيُعَذِّبُهُ ٱللَّهُ
ٱلْعَذَابَ ٱلْأَكْبَرَ ﴿٢٤﴾ إِنَّ إِلَيْنَآ إِيَابَهُمْ ﴿٢٥﴾ ثُمَّ إِنَّ عَلَيْنَا حِسَابَهُم ﴿٢٦﴾

**അർഥം:**

പരമകാരുണികനും കരുണ്നിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. മൂടിക്കളയുന്ന മഹാവിപത്തിൻെറ വാർത്ത നിനക്ക് വന്നെത്തിയോ?
2. അന്ന് ചില വദനങ്ങൾ പേടിച്ചരണ്ടവയായിരിക്കും.
3. അധ്വാനിച്ച് ക്ഷീണിച്ച് തളർന്നവയും.

4. ചുട്ടെരിക്കുന്ന നരകത്തിലവർ ചെന്നെത്തും.
5. തിളച്ചുമറിയുന്ന ഉറവയിൽ നിന്ന് അവർ കുടിപ്പിക്കപ്പെടും.
6. കയ്പ്പുള്ള മുൾചെടിയിൽ നിന്നല്ലാതെ അവർക്ക് ഒരാഹാരവുമില്ല.
7. അത് ശരീരത്തെ പോഷിപ്പിക്കില്ല. വിശപ്പടക്കാൻ പര്യാപ്തവുമല്ല.
8. എന്നാൽ മററു ചില വദനങ്ങൾ അന്ന് പ്രസന്നങ്ങളായിരിക്കും.
9. തങ്ങളുടെ കർമങ്ങളെക്കുറിച്ച് സംതൃപ്തരും.
10. അത്യുന്നതമായ സ്വർഗീയാരാമത്തിലായിരിക്കും.
11. പൊളിവചനങ്ങൾ അവർ അവിടെ കേൾക്കുകയില്ല.
12. അവിടെ ഒഴുകുന്ന അരുവിയുണ്ട്.
13. ഉയർത്തി വെക്കപ്പെട്ട മഞ്ചങ്ങളുണ്ട്.
14. തയ്യാറാക്കിവെക്കപ്പെട്ട പാനപാത്രങ്ങളുണ്ട്.
15. അണിനിരത്തപ്പെട്ട തലയിണകളും.
16. വിരിക്കപ്പെട്ട പരവതാനികളും.
17. അവർ ഒട്ടകത്തിലേക്ക് നോക്കുന്നില്ലേ? അത് എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന്?
18. ആകാശിലേക്കും; അത് എങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നുവെന്ന്?
19. പർവ്വതങ്ങളിലേക്കും; അത് എങ്ങനെ സ്ഥാപിക്കപ്പെട്ടുവെന്ന്?
20. ഭൂമിയിലേക്കും; അത് എങ്ങനെ വിരിക്കപ്പെട്ടിരിക്കുന്നുവെന്ന്?
21. അതിനാൽ നീ ഉദ്ബോധിപ്പിക്കുക. നീ ഒരുദ്ബോധകൻ മാത്രമാണ്.
22. നീ അവരുടെ മേൽ അധികാരിയല്ല.
23. ആർ പിൻതിരിയുകയും സത്യത്തെ തള്ളിപ്പറയുകയും ചെയ്യുന്നുവോ,
24. അവനെ അല്ലാഹു കഠിനമായി ശിക്ഷിക്കും.
25. നിശ്ചയമായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം.
26. പിന്നെ അവരുടെ വിചാരണയും നമ്മുടെ ചുമതലയിലാണ്.

വിശദീകരണം:

"ഗാശിയ" എന്നത് ഉയിർത്തെഴുന്നേല്പു നാളിൻെറ നാമമാകുന്നു. ആ നാളിൽ ചിലരിൽ അതിൻെറ ഭീകരതയും ദുഃഖവും നിഴൽവിരിക്കും. ചിലരിലാകട്ടെ പ്രതീക്ഷയും സന്തോഷവുമായിരിക്കും ഉണ്ടാവുക. അവരുടെ അവസ്ഥകളാണ് 2 മുതൽ 16 വരെയുള്ള വചനങ്ങളിൽ സൂചിപ്പിക്കുന്നത്. പുനരുത്ഥാന നാളിലെ ഓരോ കാര്യങ്ങളും നമ്മുടെ ഭാവനകളിൽ കാണുന്നതിനെക്കാൾ ഉപരിയായിരിക്കും. അതെങ്ങനെയെന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ.

ഈ ലോകജീവിതത്തിൽ ജനം സത്യത്തിനു നേരെ വെച്ചുപുലർത്തിയ പ്രതികരണങ്ങൾ എന്തായാലും അത് രണ്ടുവിധമായിരിക്കും. ഒന്ന്, തികഞ്ഞ നിഷേധം. അത്തരക്കാർ പല വിധത്തിലുമായിരിക്കും. തികഞ്ഞ ദൈവനിഷേധികൾ, ദൈവത്തെ അംഗീകരിക്കുന്നതോടൊപ്പം ഇതര ദൈവങ്ങളിലും വിശ്വസിക്കുന്നവർ, പ്രവാചകന്മാരെ നിഷേധിക്കുന്നതോടൊപ്പം ബഹുദൈവങ്ങളെ അംഗീകരിക്കുന്നവർ, ബഹുദൈവങ്ങളെ അംഗീകരിക്കുകയും പ്രവാചകന്മാരിൽ ചിലരെ തള്ളിക്കളയുകയും ചെയ്തവർ, ദൈവിക അദ്ധ്യാപനങ്ങൾ മറച്ചു വെച്ചവർ, മാറ്റിമറിച്ചവർ, പാടെ നിഷേധിച്ചവർ, അതിനെ വിസ്മരിച്ചവർ ഇങ്ങനെ ദൈവനിഷേധികളും ധിക്കാരികളും ഏതെല്ലാം വിഭാഗമുണ്ടോ അവരെല്ലാം ഇവിടെ ഉദ്ദേശ്യമാണ്.
രണ്ട്, സന്മനസ്സോടു കൂടിയ അംഗീകാരം. അവരത്രെ ഏകദൈവ വിശ്വാസികളും അവൻെറ താല്പര്യത്തിനൊത്ത വിധം ജീവിച്ചവരും. പരലോകത്ത് മനുഷ്യർ ഒരുമിച്ചു കൂടുന്നത് ഈ രണ്ട് അവസ്ഥകളുടെയും അടയാളങ്ങളോടു കൂടിയായിരിക്കും. ശിക്ഷ കൺമുമ്പിൽ കാണുമ്പോൾ ധിക്കാരികളിൽ അതിൻെറതായ സ്വാഭാവിക ഭയവും ദുഃഖവും പ്രകടമാകും.

എന്നാൽ പരലോകത്തെ തൻെറ പരിണതി നന്നാക്കുന്നതിനാസ്പദമായ ജീവിതകൃത്യങ്ങളിൽ മുഴുകുവാൻ വിവിധങ്ങളായ ദൃഷ്ടാന്തങ്ങൾ അല്ലാഹു മനുഷ്യബുദ്ധിക്കു മുമ്പിൽ നിരത്തിയിട്ടുണ്ട്. അതാണ് 17 മുതൽ 20 വരെയുള്ള വചനങ്ങളിൽ സൂചിപ്പിക്കുന്നത്. അത്യാശ്ചര്യകരമായ ഈ സൃഷ്ടിവൈവിധ്യം കണ്ട് മനുഷ്യൻ തൻെറ സ്രഷ്ടാവിനെ കണ്ടെത്തുകയും അവനെ അംഗീകരിക്കുകയും ചെയ്യണം എന്നതാണ് അതിൻെറ തേട്ടം. ബുദ്ധിയും വിവേകവുമുള്ള ആർക്കും ആലോചിക്കുവാൻ പര്യാപ്തമായ രീതിയിലാണ് ഓരോ പ്രപഞ്ചവസ്തുവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതോടൊപ്പം അത് മറ്റൊരു കാര്യം കൂടി തുറന്നു

പറയുന്നുണ്ട്. അതായത്, ഇത്രയൊക്കെ വൈവിധ്യം നിറഞ്ഞ സൃഷ്ടിപ്പ് നടത്തിയ ഏക ദൈവത്തിന് മറ്റൊരു ലോകം സൃഷ്ടിക്കുവാനും മനുഷ്യരെ വീണ്ടും അവിടെ ഒരുമിച്ചു കൂട്ടുവാനും യാതൊരു പ്രയാസവുമില്ല എന്നതാണത്.

21 മുതൽ 26 വരെയുള്ള വചനങ്ങളിൽ പ്രവാചകനെ അഭിസംബോധനം ചെയ്തു കൊണ്ട് പറയുന്ന കാര്യങ്ങളാണ്. ഈവക യാഥാർഥ്യങ്ങൾ കണ്ടിട്ടും യാഥാർഥ്യം അംഗീകരിക്കാൻ വിസമ്മതിക്കുന്നവരെ അവരുടെ പാട്ടിന് വിട്ടേക്കുക. അവരെ നിർബന്ധിക്കുവാൻ താങ്കൾ ആളല്ല. അവർക്ക് മുന്നറിയിപ്പ് നല്കുക മാത്രമാണ് താങ്കളുടെ ജോലി. ഏതവസ്ഥയിലായാലും മനുഷ്യർ ഒന്നടങ്കം അല്ലാഹുവിങ്കലേക്ക് മടങ്ങിച്ചെല്ലേണ്ടവരാകുന്നു. അവരെ വിചാരണ ചെയ്യുന്നവനും രക്ഷാശിക്ഷകൾ നല്കുന്നവനും അല്ലാഹു തന്നെയാണ്.